പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4540 — 26/06/2014 -ൽ മറുപടിക്ക്

**ഭൂമി രജിസ്ട്രേഷൻ ചട്ടങ്ങളിലെ പരിഷ്ക്കാരങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം. ഷാജി. | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി രജിസ്ട്രേഷൻ ചട്ടങ്ങളിൽ എന്തെങ്കിലും പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ? | ബി) കേരളത്തിൽ മുക്ത്യാറുകളുടെയും രജിസ്റ്റർ ചെയ്യാത്ത കരാറുകളുടെയും അടിസ്ഥാനത്തിൽ വ്യാപകമായി വ്യാജ ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപെട്ടതിനാൽ അതു തടയുന്നതിനായി 1908-ലെ രജിസ്ട്രേഷൻ ആക്ടിൽ, വകുപ്പ് 17(1)(g) കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട്.<br><br>പ്രസ്തുത ഭേദഗതി പ്രകാരം സംസ്ഥാനത്ത് വസ്തു വിൽപന കരാറിന്റെ രജിസ്ട്രേഷനും 100/- രൂപയും അതിനുമുകളിലുംമൂല്യമുള്ള വസ്തു കൈമാറ്റം സംബന്ധിച്ച മുക്ത്യാറുകളുടെ (കുടുംബാംഗങ്ങളുടെ പേരിൽ അല്ലാത്ത) രജിസ്ട്രേഷനും നിർബന്ധമാക്കപ്പെട്ടിട്ടുണ്ട്. ഇതിനുള്ള കരണങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യപ്പെടേണ്ട കരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി.<br><br>കൂടാതെ സർക്കാർ വസ്തുവിന്റെ കൈമാറ്റം ഉൾക്കൊള്ളുന്ന രേഖകൾ, അവ സംസ്ഥാന സർക്കാർ പ്രാധികാരം ചെയ്ത ഒരു ഉദ്യോഗസ്ഥൻ നൽകുന്ന നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് സഹിതമല്ലാത്തപക്ഷം, രജിസ്റ്ററിംഗ് ഉദ്യോഗസ്ഥൻ രജിസ്ട്രേഷനു സ്വീകരിക്കേണ്ടതില്ല എന്നവിധത്തിൽ ടി ആക്ടിൽ, വകുപ്പ് 71(3) കൂട്ടിച്ചേർത്ത് |

ഭേദഗതി വരുത്തിയിട്ടുണ്ട്.

മറ്റൊരു വ്യക്തിയുടെ താത്പര്യത്തിന് ഹാനികരമാകുന്ന വിധത്തിൽ ഏതെങ്കിലും ഒരാൾ ആൾമാറാട്ടം നടത്തി രജിസ്റ്റർ ചെയ്യിച്ച രേഖകളുടെ രജിസ്ട്രേഷൻ റദ്ദുചെയ്യുന്നതിനുള്ള അധികാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനു നൽകിക്കൊണ്ട് ടി ആക്ടിൽ വകുപ്പ് 83(എ) കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട്.

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ 4/5/2007-ലെ ആർ.ആർ.-4/5448/2003-ാം നമ്പർ വിജ്ഞാപനത്തിലൂടെ, ഒരു രജിസ്റ്ററിംഗ് ഓഫീസറുടെ മുമ്പാകെ ഹാജരാകുന്ന ഒരാളുടെ അനന്യത തെളിയിക്കുന്നതിനായി തിരിച്ചറിയൽ കാർഡോ, റേഷൻ കാർഡോ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൽ റേഷൻ കാർഡിൽ പലപ്പോഴും ഗൃഹനാഥന്റെ ഫോട്ടോ മാത്രമേ പതിക്കാറുള്ളൂ. മറ്റ് അംഗങ്ങളുടെ ഫോട്ടോ റേഷൻ കാർഡിൽ പതിക്കാത്തതുമൂലം അവരുടെ അനന്യത ശരിയായി ബോദ്ധ്യപ്പെടാനാകാതെവരുന്നുണ്ടെന്ന് വ്യക്തമായതിനാൽ, അനന്യത ഉറപ്പാക്കാനും അതുവഴി നിയമത്തിന്റെ ലക്ഷ്യം നിറവേറ്റാനുമായി, രജിസ്റ്ററിംഗ് ഓഫീസർ മുമ്പാകെ തിരിച്ചറിയൽ രേഖയായി ഹാജരാക്കുന്ന റേഷൻ കാർഡിൽ ഒരാളുടെ ഫോട്ടോ പതിച്ചിട്ടില്ലെങ്കിൽ, ഒരു ഗസറ്റഡ് ഓഫീസർ നൽകുന്ന ഫോട്ടോ പതിച്ച സാക്ഷ്യപത്രംകൂടി ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട്, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ 22/03/2014-ലെ ആർ.ആർ.-9/5448/2003 നമ്പർ വിജ്ഞാപനപ്രകാരം കേരള രജിസ്ട്രേഷൻ ചട്ടങ്ങളിൽ ചട്ടം 72(എ) കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.